# കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

ആഞ്ജനേയ, ടി. സി 9/1023(2) ശാസ്തമംഗലം, തിരുവനന്തപുരം

ഫോൺ: 0471 2315122, 2319122(Fax) email: kscminorities@gmail.com


---

നമ്പർ 174/ബി2/2015/കെ.എസ്.സി.എം. തിയ്യതി: /02/2015.

വിഷയം: നാദാപുരം അക്രമവുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗങ്ങൾ നടത്തിയ സ്ഥല സന്ദർശനത്തിന്റെയും സിറ്റിംഗിന്റെയും സംബന്ധിച്ച റിപ്പോർട്ട്.

നാദാപുരം അക്രമസംഭവങ്ങളുമായി ബന്ധപ്പെട്ട് അന്വേഷിക്കുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനുമായി കമ്മീഷൻ ചെയർമാൻ അഡ്വ. എം. വീരാൻകുട്ടി, മെമ്പർമാരായ അഡ്വ. വി.വി ജോഷി, അഡ്വ. കെ.പി മറിയുമ്മ എന്നിവർ 18.02.2015 തൂണേരി ഭാഗങ്ങളിൽ നശിപ്പിക്കപ്പെടുകയും കൊള്ളയടിക്കപ്പെടുകയും ചെയ്ത 35ഓളം വീടുകൾ സന്ദർശിക്കുകയും, സ്ഥിതിഗതികൾ നേരിൽ വിലയിരുത്തുകയും നാട്ടുകാരിൽനിന്ന് പരാതികൾ സ്വീകരിക്കുകയുംചെയ്തു.

രാവിലെ 11 മണിയോടുകൂടി തൂണേരി ഭാഗങ്ങളിലെ തയ്യുള്ളതിൽ അബ്ദുള്ള, തയ്യുള്ളതിൽ അബൂബക്കർ, ചക്കരക്കുനി മൊയ്തുഹാജി, അമ്മാരത്ത് കുഞ്ഞിതറുവയ്, മടത്തിൽ യൂസുഫ്, പറക്കുന്നത്ത് അബ്ദുള്ള, മുളയിൽ താഴക്കുനി ഇസ്മയിൽ, കാട്ടുമടത്തിൽ അബൂബക്കർ, കാട്ടുമടത്തിൽ മഹ്മൂദ്, കരിലാട്ട് ഇസ്മായിൽ, പാനോളി നാസർ, വടക്കെയിൽ ഇസ്മയിൽ, ഇസ്മയിലിന്റെ ആറു സഹോദരന്മാർ, കളമുള്ളത്തിൽ താഴെക്കുനി സുലൈഖ, മൊയ്തു, പറക്കുന്നത് ആയിഷു, വെള്ളച്ചാലിൽ മൊയ്തു, വെള്ളച്ചാലിൽ അമ്മദ്, പൈക്കിലോട്ട് കുഞ്ഞമ്മദ്, പൈക്കിലോട്ട സൗദ, ചിക്കണിയിൽ അഹമ്മദ്, വരാഞ്ചിത്താഴത്ത് മൊയ്തു, എടക്കാട് ഹമീദ്, മീതലെ പൊന്നിച്ചിക്ക ി കുഞ്ഞാലി തുടങ്ങി 35ഓളം പേരുടെ വീടുകൾ കമ്മീഷൻ സന്ദർശിച്ചു. ആക്രമിക്കപ്പെട്ട വീടുകൾ നേരിട്ട് സന്ദർശിക്കുകയും വീട്ടുകാരുമായി സംസാരിക്കുകയും പരാതികൾ കേൾക്കുകയും ചെയ്തു.

തുടർന്ന് നാദാപുരം റെസ്റ്റ് ഹൗസിൽ നടന്ന സിറ്റിങ്ങിൽ വീടുകൾ അഗ്നിക്കിരയാവർ മുതൽ വിവിധ മേഖലകളിൽനിന്നുള്ളവർ പങ്കെടുക്കുകയും പരാതികൾ സമർപ്പിക്കുയും ചെയ്തു. അക്രമവുമായി ബന്ധപ്പെട്ട് എഴുപതോളം പരാതികൾ ലഭിച്ചു.

അക്രമ ബാധിത പ്രദേശങ്ങളിൽ നടത്തിയ സന്ദർശിച്ചതിന്റെയും തദ്ദേശീയരായ ജനങ്ങളുടെയും പൊതുപ്രവർത്തകരുടെയും മൊഴികളിൽ നിന്നും തികച്ചും ആസൂത്രിതമായൊരു അക്രമമാണിതെന്ന് കമ്മീഷന് ബോധ്യമായി. ആയതിനാൽ, നാദാപുരം അക്രമത്തെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊ ുവരേ താണ്. മിക്കവാറും വീടുകൾ പൂർണമായും നശിപ്പിക്കപ്പെട്ടു. വാഹനങ്ങളും വീട്ടുപകരണങ്ങളും ഫർണിച്ചറുകളും മാത്രമല്ല, റേഷൻകാർഡ്, പാസ്പോർട്ട്, സർട്ടിഫിക്കറ്റുകൾ, സ്വർണ്ണം ഉൾപ്പടെ വിലപിടിപ്പുള്ളതൊക്കെ കൊള്ളയടിക്കപ്പെട്ടു. അക്രമം വളരെ ആസൂത്രിതമായിരുന്നു എന്നാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. സംഭവം നടന്നു മണിക്കൂറുകൾ കഴിഞ്ഞിട്ടും പോലിസ് തിരിഞ്ഞുനോക്കിയില്ലെന്നു പലരും പരാതിപ്പെട്ടു. ചില സ്ഥലങ്ങളിൽ നാലു മണിക്കൂറോളം കഴിഞ്ഞ ശേഷമാണ് പോലിസ് എത്തിയത്. അപ്പോഴേക്കും എല്ലാം കത്തിത്തീർന്നിരുന്നു. കേരളത്തിലെ ഏറ്റവുമധികം സന്നാഹങ്ങളുള്ള നാദാപുരം പോലിസ് സ്റ്റേഷനിൽനിന്ന് അഞ്ച്മിനിറ്റ് കൊ ് എത്താവുന്ന ഭാഗമായ തൂണേരിയിൽ നടന്ന ഈ അക്രമത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നു ായ വീഴചകൾ അന്വേഷിക്കുകയും വീഴ്ചപറ്റിയ ഉദ്യോഗസ്ഥർക്കെതിരെയും പോലിസിനെതിരെയും നടപടിയെടുക്കണം. വീട് നഷ്ടപ്പെട്ടവർക്ക് വീട് പുനർനിർമിച്ചു നൽകണം.

സമ്പാദ്യവും രേഖകളും നഷ്ടപ്പെട്ടവർക്ക് ആവശ്യമായ തെളിവെടുപ്പ് നടത്തി മതിയായ നഷ്ടപരിഹാരം നൽകുകയും രേഖകളും മറ്റും പുനഃസൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

ആയതുകൊ ് മേൽ കാര്യത്തിൽ സർക്കാർ സ്വകരിച്ച മേൽനടപടികളുടെ വിശദമായ റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കേ ത് കമ്മീഷന്റെ തുടർനടപടികൾക്കും തെളിവെടുപ്പിനും കമ്മീഷന് അത്യന്താപേക്ഷിതമാണെന്നറിയിക്കുന്നു.

അഡ്വ. എം. വീരാൻകുട്ടി
(ചെയർമാൻ)

അഡ്വ. വി.വി ജോഷി
(മെമ്പർ)

അഡ്വ. കെ.പി മറിയുമ്മ
(മെമ്പർ)

To

ബഹു. കേരള മുഖ്യമന്ത്രി

ബഹു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി

ബഹു. സാമൂഹ്യ ക്ഷേമ വകുപ്പ് മന്ത്രി